പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

08-01-2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76

## കുടിവെള്ളലഭ്യത ഉറപ്പ് വരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ.<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ.<br>ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. വി.ഡി. സതീശൻ. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടിവെള്ളലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് കുടിവെള്ളലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേരള ജല അതോറിറ്റി കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പത്തികസഹായം ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുപുറമേ വിദേശ ഏജൻസികളിൽ നിന്നുമുള്ള ധനസഹായമുപയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.<br>കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കുടിവെള്ള ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കുന്നുണ്ട്. ഇങ്ങനെ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ ജലം ശേഖരിച്ച് ജല അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ പരിശോധിച്ചാണ് ഗുണനിലവാരം |

ഉറപ്പുവരുത്തുന്നത്. ശുദ്ധീകരണശാലകളില്ലാത്ത പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിച്ച അണുവിമുക്തമാക്കിയ ജലമാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്;

(ബി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ആവശ്യമായ അളവിൽ എല്ലായ്പ്പോഴും ലഭ്യമാക്കുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത് ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്താക്കിയ ജലം പദ്ധതി പ്രദേശങ്ങളിൽ ആവശ്യമായ അളവിൽ വിതരണം ചെയ്യുകയാണ് ഈ പദ്ധതിയുടെ സവിശേഷത.

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) കേരള ജല അതോറിറ്റി മുഖേനയാണ് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിനു പുറമേ ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയും ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) മേൽപ്പറഞ്ഞ രീതിയിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടെ 149 പദ്ധതികൾ നടന്നുവരുന്നു. ഇതു കൂടാതെ കഴിഞ്ഞ വർഷങ്ങളിലെ SLSSC യിൽ 62 പദ്ധതികൾക്ക് (ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികളും ഉൾ പ്പടെ) അംഗീകാരം നൽകി മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ